പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1199 — 30.09.2016-ലെ മറുപടിക്ക്

## കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും കർണാടക സംസ്ഥാനത്തേക്ക് ഏതെല്ലാം സർവ്വീസുകൾ നടത്തിവരുന്നു; | (എ) | കൊട്ടാരക്കര ഡിപ്പോയിൽ നിന്നും കർണ്ണാടക സംസ്ഥാനത്തേക്ക് രണ്ട് സർവ്വീസുകളാണുള്ളത്.<br>1. 14.30 കൊട്ടാരക്കര - ബാംഗ്ലൂർ<br>2. 20.00 കൊട്ടാരക്കര - കൊല്ലൂർ |
| (ബി) | പ്രസ്തുത സർവ്വീസുകളുടെ ശരാശരി വരുമാനം എത്ര രൂപയാണ്; | (ബി) | കൊട്ടാരക്കര - ബാംഗ്ലൂർ സർവ്വീസിന്റെ ശരാശരി വരുമാനം 40,000 രൂപയും, കൊട്ടാരക്കര - കൊല്ലൂർ സർവ്വീസിന് 30,000 രൂപയും ആണ്. |
| (സി) | നിലവിൽ സർവ്വീസ് നടത്തുന്ന ബസുകളുടെ ശോച്യാവസ്ഥയും കാലപ്പഴക്കവും സർവ്വീസിന്റെ കളക്ഷനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കൊട്ടാരക്കര - ബാംഗ്ലൂർ സർവീസ് സർവീസിന് ഉപയോഗിക്കുന്ന RSC 676, RSC 677 എന്നീ സൂപ്പർ ഡീലക്സ് വാഹനങ്ങൾ യഥാക്രമം 10/09/2013, 11/09/2013 എന്നീ തീയതികളിൽ കമ്മീഷൻ ചെയ്തവയാണ്. സൂപ്പർ ക്ലാസ്സ് വിഭാഗത്തിൽപ്പെടുന്ന ബസുകൾ മോട്ടോർ വാഹന നിയമമനുസരിച്ച് 5 വർഷം വരെ ഓടിക്കാവുന്നവയാണ്. മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് 3 വർഷം മാത്രമേ പഴക്കമുള്ളൂ. കൊല്ലൂർ - മുകാംബിക സർവീസ് നടത്തിയിരുന്നത് സൂപ്പർ എക്സ്പ്രസ് ബസുകൾ ഉപയോഗിച്ചായിരുന്നു. എന്നാൽ അഞ്ചുവർഷം കാലാവധി പൂർത്തിയായതിനെ തുടർന്ന് എക്സ്പ്രസ് ബസുകൾ പിൻവലിച്ച് |

| | | | |
|---|---|---|---|
| | | | താല്കാലികമായി സൂപ്പർ ഫാസ്റ്റ് ബസുകൾ ഉപയോഗിച്ചാണ് സർവീസ് നടത്തുന്നത്. ഈ സർവീസുകൾക്ക് ഉടൻ തന്നെ പുതിയ സൂപ്പർ എക്സ്പ്രസ് ബസുകൾ അനുവദിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത സർവ്വീസ് നടത്തിപ്പിനായി ആധുനിക സൗകര്യങ്ങളുള്ള ബസുകൾ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | മേൽപ്പറഞ്ഞ രണ്ടു സർവീസുകൾക്കും എയർ സസ്പെൻഷൻ ഉള്ള സൂപ്പർ ഡീലക്സ് ബസുകളും സൂപ്പർ എക്സ്പ്രസ് ബസുകളും ഉടനെ അനുവദിക്കുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ